# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4228 — 24.06.2019 -ലെ മറുപടി

**മുടങ്ങികിടക്കുന്ന ജലസേചന പദ്ധതികൾ**

ചോദ്യം
ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ

മറുപടി
കെ.കൃഷ്ണൻകുട്ടി
ജലവിഭവ വകുപ്പുമന്ത്രി

| | | | |
|---|---|---|---|
| എ) | കോടിക്കണക്കിന് രൂപ മുടക്കിയിട്ടും വർഷങ്ങളായി മുടങ്ങിക്കിടക്കുന്ന ജലസേചന പദ്ധതികളുടെ പ്രയോജനം ജനങ്ങൾക്ക് ലഭിക്കാതിരിക്കുന്ന സാഹചര്യം ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | മൂവാറ്റുപുഴ വാലി ജലസേചന പദ്ധതി, ഇടമലയാർ ജലസേചന പദ്ധതി എന്നിവയ്ക്ക് ഇതിനകം എത്ര തുകയാണ് മുടക്കിയത്; പ്രസ്തുത പദ്ധതികൾ ആരംഭിച്ചത് ഏത് വർഷമാണെന്ന് അറിയിക്കാമോ; | ബി) | മൂവാറ്റുപുഴ വാലി ജലസേചന പദ്ധതി - 988.978 കോടി രൂപ [works 788.60 + (Establishment 210.276 – R&R 9.898)]<br>1974ൽ പദ്ധതി ആരംഭിച്ചു.<br><br>ഇടമലയാർ ജലസേചന പദ്ധതി - 472.116 കോടി രൂപ (18/06/2019 വരെ)<br>1981-ൽ പദ്ധതി ആരംഭിച്ചു. |
| സി) | പ്രസ്തുത പദ്ധതികൾ പൂർത്തിയാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | സി) | **മൂവാറ്റുപുഴ വാലി ജലസേചന പദ്ധതി** - ഈ പദ്ധതിയുടെ 95% പണി പൂർത്തീകരിക്കുകയും പൂർത്തീകരിച്ച കനാലുകളിൽ കൂടി വേനൽ കാലത്ത് ജലവിതരണം നടത്തുകയും ചെയ്യുന്നു. സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിന്റെ ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ച് പദ്ധതിയുടെ കമ്മീഷനിംഗ് 2020 മാർച്ചിൽ നടത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.<br>**ഇടമലയാർ ജലസേചന പദ്ധതി** - ഈ പദ്ധതിയുടെ ലോ ലെവൽ കനാലിന്റെ missing link യായ എം.സി.റോഡ് ക്രോസ്സിംഗിന്റെ പണികളും ബ്രാഞ്ച് കനാലായ കാഞ്ഞൂർ തെക്കുംഭാഗത്തിന്റെ സ്ഥലമെടുപ്പ് നടപടികളും പുരോഗമിച്ചു വരുന്നു. ലിങ്ക് കനാലിന്റെ തുടർന്നുള്ള പ്രവൃത്തികൾ ചെയ്യുന്നതിനായി പ്രൊപ്പോസൽ അംഗീകാരത്തിനായി പ്ലാനിംഗ് ബോർഡിൽ സമർപ്പിച്ചിരിക്കുകയാണ്. |

| | | | |
|---|---|---|---|
| ഡി) | വളരെയധികം പണച്ചെലവുള്ള ഇത്തരം പദ്ധതികൾ ആവിഷ്ക്കരിക്കുമ്പോൾത്തന്നെ അവയുടെ പൂർത്തീകരണത്തിനായി ടാർഗറ്റ് നിശ്ചയിക്കുകയും അപ്രകാരം പ്രവൃത്തികൾ നടക്കുന്നുവെന്ന് ഉറപ്പ് വരുത്തുവാനുമുള്ള എന്ത് സംവിധാനമാണ് വകുപ്പിലുള്ളതെന്ന് വെളിപ്പെടുത്താമോ? | ഡി) | പ്രസ്തുത പദ്ധതികൾക്ക് ഉന്നതതല കമ്മിറ്റികൾ രൂപീകരിക്കുകയും തടസ്സപ്പെട്ട് കിടക്കുന്ന പദ്ധതികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**